**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4033 16-05-2017-ൽ മറുപടിക്ക്

**തദ്ദേശസ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. ഹൈബി ഈഡൻ** | | **ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി ) |
| (എ) തദ്ദേശസ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) ഈ നിർദ്ദേശം പ്രാവർത്തികമാകുന്നതോടെ എഞ്ചിനീയർമാർക്ക് ശമ്പളം നൽകുന്നതിനും അവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരവും പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാകുമോ; | | |
| (സി) ശമ്പളവും തൊഴിൽ സുരക്ഷയും ഉറപ്പ് നൽകി പൊതു മരാമത്ത്, ജലസേചനം എന്നീ വിഭാഗങ്ങളിൽ നിന്നും താൽപര്യ പത്രം വാങ്ങിയാണ് 2008 ൽ എഞ്ചിനീയർമാരെ തദ്ദേശസ്വയം ഭരണ വകുപ്പിനു കീഴിൽ നിയമിച്ചത് എന്നത് വസ്തുതയല്ലേ; | (ബി ) യും (സി) യും (ഡി) | ഇക്കാര്യങ്ങൾ പരിശോധിച്ച വരുന്നു. |
| (ഡി) എങ്കിൽ തൊഴിൽ സുരക്ഷ സംബന്ധിച്ച് സർക്കാർ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന് ഘടകവിരുദ്ധമായ ഒരു തീരുമാനം ആയതിനാൽ ഇക്കാര്യം പുന:പരിശോധിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**